പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2435

09 .12.2014-ൽ
മറുപടിയ്ക്ക്

## 'തോട്ടം മേഖലയിലെ നികുതിവെട്ടിപ്പുകൾ'

ചോദ്യം
ശ്രീ. പി. ശ്രീരാമകൃഷ്ണൻ

മറുപടി
ശ്രീ.അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| (എ) തോട്ടം മേഖലയിൽ നടക്കുന്ന നികുതി വെട്ടിപ്പുകൾ സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി)കമ്പനികാര്യ നിയമത്തിലെ 394-ാം വകുപ്പിൻെറ മറവിൽ ഹൈക്കോടതിയിൽ നൽകുന്ന ഹർജിയിലൂടെ ആയിരക്കണക്കിന് ഏക്കർ ഭൂമിയുടെ കൈമാറ്റം ഫീസോ, സ്റ്റാമ്പ് ഡ്യൂട്ടിയോ അടയ്ക്കാതെ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;<br>(സി) ഷെയർ കൈമാറ്റത്തിലൂടെ നടക്കുന്ന ഈ ഭൂമി കൈമാറ്റത്തിലൂടെ സർക്കാരിന് നഷ്ടപ്പെടുന്ന തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; | (എ) (ബി) & (സി)<br>തോട്ടം മേഖലയിൽ ഈടാക്കുന്ന ഒരു നികുതി പ്ളാന്റേഷൻ ടാക്സ് ആണ്. മെസ്സേർസ് എച്ച്.എം.എൽ. ലിമിറ്റഡ് കമ്പനി കാര്യ നിയമപ്രകാരം ബഹു. ഹൈക്കോടതിയിൽ ഹർജി നൽകി ഭൂമി കൈമാറ്റം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>1956-ലെ കമ്പനീസ് ആക്ട് വകുപ്പ് 394 പ്രകാരം, ബഹു. ഹൈക്കോടതിയുടെ അനുമതി നേടിക്കൊണ്ട് കമ്പനികൾക്കിടയിൽ വിവിധ അമാൽഗമേഷൻ സ്കീമുകൾ നടപ്പാക്കി വരുന്നുണ്ടെന്നും, ഇത്തരം സ്കീമുകളിലൂടെ വൻതോതിൽ സ്ഥാവര വസ്തുക്കൾ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും കൂടാതെ കൈമാറ്റം ചെയ്യപ്പെടുന്നുണ്ടെന്നും, തൻമൂലം ഖജനാവിന് ഭീമമായ റവന്യൂ നഷ്ടം ഉണ്ടാകുന്നതായും, ബഹു. കേരള ഹൈക്കോടതിയിലെ, റവന്യൂ വകുപ്പ് സ്പെഷ്യൽ ഗവൺമെന്റ് പ്ളീഡർ സർക്കാരിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. റവന്യൂ നഷ്ടം സംബന്ധിച്ച് കൃത്യമായ കണക്ക് വകുപ്പിൽ ലഭ്യമല്ല. |

| | |
|---|---|
| (ഡി) ഇതിനെതിരെ എന്തെങ്കിലും നിയമനടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;<br><br>(ഇ) ഇതിനായി നിയമനിർമ്മാണം നടത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ ? | (ഡി) & (ഇ) 1959-ലെ സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്താതെ, അമാൽഗമേഷൻ മുഖേന സ്ഥാവര വസ്തുകൾ കൈമാറ്റം ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ചുമത്തുവാൻ കഴിയുന്നതല്ല. 1958-ലെ Bombay Stamp Act-ന് അനുസരണമായോ The Indian Stamp (Amendment) Bill 2014-ലെ ബന്ധപ്പെട്ട ഭേദഗതിക്കനുസരണമായോ കേരള മുദ്രപ്പത്രനിയമത്തിലും ഭേദഗതി വരുത്തിക്കൊണ്ട് കോടതിയുടെ അനുമതിയോടെ നടപ്പാക്കി വരുന്ന അമാൽഗമേഷൻ സ്കീമുകൾ മുഖേന മുദ്രയിനത്തിൽ ഉണ്ടാകുന്ന റവന്യൂ ചോർച്ച തടയാവുന്നതാണ്. ഇന്ത്യൻ സ്റ്റാമ്പ് ആക്ടിന് അനുസരണമായിട്ടാണ് കേരള മുദ്രപ്പത്ര നിയമം നിർമ്മിച്ചിരിക്കുന്നത്. എന്നതിനാൽ, The Indian Stamp (Amendment) Bill 2014 -ലെ ബന്ധപ്പെട്ട ഭേദഗതിയുടെ മാതൃക സ്വീകരിക്കുന്നതായിരിക്കും അഭികാമ്യം. എന്നാൽ 2014-ലെ ഇൻഡ്യൻ സ്റ്റാമ്പ് (ഭേദഗതി) ബിൽ പാർലമെന്റ് പാസ്സാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത നിയമത്തിൽ ഭേദഗതി നിലവിൽ വന്നതിനുശേഷം മാത്രമേ 1959-ലെ കേരള സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ